"ഭരണഭാഷ - മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ:എ5/15798/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
KSHB Building,
ശാന്തിനഗർ, തിരുവനന്തപുരം-01.
തീയതി: 13/06/2016

## ചുറ്ററിയിപ്പ്

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്.

**സൂചന:-** 08/06/2016 ലെ e- 637760/സി.ഡി.എൻ.4/2016/പൊ.ഭ.വ നമ്പരായ സർക്കാർ കത്ത്.

-----

സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി രാജ്യത്താകമാനമുള്ള ഗവൺമെന്റ് ആഫീസുകളിലും കെട്ടിടങ്ങളിലും ശുചീകരണ യജ്ഞം സംഘടിപ്പിക്കണമെന്നും ഇതിനായി തയ്യാറാക്കിയിട്ടുള്ള 'സ്വച്ഛ് ഭാരത് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ്' (SOP) നടപ്പിലാക്കണമെന്നും ശുചീകരണ യജ്ഞവുമായി ബന്ധപ്പെട്ട് ജീവനക്കാർ ശുചീകരണ പ്രതിജ്ഞയെടുക്കണമെന്നും, സർക്കാർ അറിയിച്ചിരിക്കുകയാണ്. കൂടാതെ സർക്കാർ ഓഫീസുകളിൽ വേസ്റ്റ് - മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി വേസ്റ്റ് റീസൈക്ലിംഗ് സംവിധാനം ഉൾപ്പെടെയുള്ളവ നടപ്പിലാക്കണമെന്നും എല്ലാ സർക്കാർ ആഫീസുകളും അതിന്റെ പരിസര പ്രദേശങ്ങളും ഓഫീസുകളുടെ റൂഫ് ടോപ്പുകളും വൃത്തിയാക്കണമെന്നും ഓഫീസ് പരിസരത്തെ എല്ലാ ഉപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങളും നീക്കം ചെയ്യണമെന്നും സാനിട്ടറി സൗകര്യങ്ങൾ പരിശോധിക്കുകയും വൃത്തിയാക്കുകയും ആവശ്യമായ റിപ്പയർ വർക്കുകൾ ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ എല്ലാ സ്ഥാപന മേധാവികളും അവരവരുടെ ആഫീസുകളിൽ 2016 ജൂൺ 13 മുതലുള്ള ഒരാഴ്ചക്കാലം ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടതും 2016 ജൂൺ 13 ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന സ്വച്ഛതാ പ്രതിജ്ഞയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.